

# ഡിജി-ലൈറ്റ്

A Digital Lightning From GHSS Thiruvali By Little Kites Club

# മുഖമൊഴി

പ്രിയമുള്ളവരേ,

വിദ്യാർഥികളിൽ ഐ.ടി. അവബോധം വളർത്തുക, ഹൈ-ടെക് സ്ക്രൂൾ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സഹായകമാകും വിധം വിവരവിനിമയ സങ്കേതിക വിദ്യയിൽ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുക തുടങ്ങിയുള്ള ലക്ഷ്യങ്ങളിലധിഷ്ഠിതമായി കേരളത്തിലെ സ്ക്രൂളുകളിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന കുട്ടികളുടെ ഐ.ടി. ക്ലബ് ആണ് "ലിറ്റിൽ കൈറ്റ്സ്." ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ഒരു യൂണിറ്റ് തിരുവാലി ഗവ. ഹയർസെക്കന്ററി സ്ക്രൂളിലും വിജയകരമായി പ്രവർത്തിച്ചു വരുന്നു.

തിരുവാലി ഗവ.ഹയർ സെക്കന്ററി സ്ക്രൂളിലെ 'ലിറ്റിൽ കൈറ്റ്സ്" യൂണിറ്റിന്റെ ഉദ്ഘാടനം 2018 -സെപ്റ്റംബർ 29 ന് ബഹുമാന്യനായ കേരള നിയമ സഭാസപീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണൻ നിർവഹിക്കുകയുണ്ടായി.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഞങ്ങളുടെ സ്ക്രൂളിന് ലഭ്യമായതിലും അതിൽ സജീവമായി പ്രവർത്തിക്കുവാൻ

അവസരം ലഭിച്ചതിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്നനിലയിൽ ഞങ്ങൾ ഏറെ കൃതാത്ഥരാണ്.
സ്ക്കൂളിലെ മറ്റു കുട്ടികൾക്ക് ആർജ്ജിക്കാനാകുന്നതിലേറെ ഐ.ടി. നൈപുണികൾ അർജ്ജിക്കാനാകുന്നതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഞങ്ങൾ ആർജ്ജിച്ച ഐ.ടി. വിജ്ഞാന വെളിച്ചത്തിന്റെ ഒരു കിരണം മാത്രം "ഡിജി-ലൈറ്റ്" എന്ന പേരിൽ ഒരു ഡിജിറ്റിൽ മാഗസിൻ ആയി ഞങ്ങൾ നിങ്ങളുടെ സമക്ഷത്തിലേക്ക് അയ്ക്കുന്നു.

ഈ കൊച്ചു കൈത്തിരിയിൽനിന്ന് ഒരായിരം ദീപനാളങ്ങൾക്ക് ഉയിരേകാനാകുമെന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.ആ ലക്ഷ്യം നിറവേറുന്നതിനുവേണ്ടതായ കരുത്തുണ്ടാകുവാനായി ഞങ്ങളെ അനുഗ്രഹിക്കുമല്ലോ!






തിരുവാലി ഗവ.ഹയർ സെക്കന്ററി സ്ക്രൂളിന്റെ ഹൈ-ടെക് പ്രഖ്യാപനവും ലിറ്റിൽ കൈറ്റ്സ് യൂനിറ്റിന്റെ ഉദ്ഘാടന കർമ്മവും ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണൻ അവർകൾ നിർവ്വഹിക്കുന്നു.

## ചീഫ് എഡിറ്റർ : – റോസ്ന .ടി .എം

## അസിസ്റ്റന്റ് എഡിറ്റർ : – ആദിത്ത്.വി

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

അരവിന്ദ്.എസ്.കുമാർ

അനുരാഗ്.കെ

നിഫ്ന.എ

മിഥില.പി.എ

സ്നേഹ.കെ.പി

ഫാത്തിമ സന

സ്വാതി കൃഷ്ണൻ.എം

അൽഫാ ലുലു

സഹ്ല

ഗോകുൽ.കെ

ഷമ്ല ഷെറി



# Digi-Light-തെളിയുമ്പോൾ.......

അമ്മ.................................................. മിഥില പി.എം..................7

നേരിടാം ഈ ദുരന്തത്തെ..................റോസ്സ ടി.എം. 9C..............10

നമ്മൾ എന്തുചെയ്തു?.........................ശിവാനി മിത്ര 5D..............13

കേരളപ്പിറവി.....................................ദേവിക.കെ.........................14
അപ്പൂസിന്റെ പപ്പി.........................പ്രീത വി.ആർ .................17
മനുഷ്യനും പ്രകൃതിയും.........................മാളവിക എ.പി ..............18
GOD'S OWN COUNTRY................Gokul K ..........................20
എന്റെ നാട്........................................അർജ്ജുന.കെ ..................23
Vaikom Muhammad Basheer-A Legend-----Athira..........26
OUR KERALA....................................Anurag.C.........................34
മനുഷ്യനും പ്രകൃതിയും........................ മാളവിക...........................35
NEW TRENDS IN TOURISM...........Minha CH .......................37
അമ്മയുടെ ഇന്നലെകൾ..................നജ്മ കണ്ണിയൻ..................39
ശബ്ദങ്ങൾ ഉയരുമ്പോൾ.................ഹുദ അബ്ദുള്ള 8 ബി......43
അമ്മയോട് .....................................ജയപ്രകാശ് എം.പി.......47

# അമ്മ

**മിഥില പി.എം. (9F)**

സ്വപ്നത്തിൽ നിറയുന്ന വെൺമയാണമ്മ
പുഞ്ചിരിയിൽ വിടരുന്ന നന്മയാണമ്മ;
വേദനയിൽ തുവൽപോൽ തഴുകുന്നിതമ്മ
ജീവൻെറ നാളമായ് നിറയുന്നു , അമ്മ.

പാരിതിൽ സ്നേഹത്തിൻ ദീപതിയാണമ്മ
കാരുണ്യമാവുന്ന ജ്വലയാണമ്മ
ദൈവിക ഭാവപ്രവാഹമാണമ്മ
ക്ഷമയുടെ മൂർത്തിമദ് ഭാവമാണമ്മ.

സ്നേഹം തുടിക്കുന്ന ജിവനാണമ്മ
സ്നേഹാമൃതത്തിന്നു തുല്ല്യമാണമ്മ.
സത്യമാം മാതൃത്വം ചൊരിയുന്നിതമ്മ
ഭൂമിയിൽ ജിവൻെറ നാളമാണമ്മ .




"മാതാവിൻ വാത്സല്യ ദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ചനേടൂ"
----വള്ളത്തോൾ

# നേരിടാം ഈ ദുരന്തത്തെ

## റോസ്ന ടി.എം. 9C

പ്രിയപ്പെട്ടവരേ,

അതിഭീകരമായിരുന്ന കേരളം ഈ വർഷം നേരിട്ട പ്രളയം. ഇപ്പോഴും നാം അതിന്റെ ആഘാതത്തിൽ നിന്ന് പൂർണ്ണമായും മോചനം നേടിയിട്ടില്ല. അപ്രതീക്ഷിതമായിട്ടായിരുന്ന ആ ദുരന്തം എത്തിയത് . നിരവധി പേർ അതിൽ പ്പെട്ട് മരണമടഞ്ഞു.അനേകം പേർക്ക് പരിക്കു പറ്റി. ഒട്ടേറെ പേർക്ക് സർവവും നഷ്ടപ്പെട്ടു.പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും സ്കൂൾ യൂണിഫോമുകളുംവരെ നഷ്ടപ്പെട്ട് വിതുമ്പുന്ന കുട്ടികളുടെ മുഖങ്ങൾ നമുക്ക് മറക്കാനാകുകയില്ല.

അവസാനം ദുരന്തം വഴിമാറി. ഇനി നമുക്ക് എല്ലാം ശരിയാക്കണം അതിനായി കഠിനമായി പ്രവർത്തിക്കാം.

ഈ അവസരത്തിൽ ഒരു കാര്യമാണ് അപേക്ഷിക്കുവാനുള്ളത്. നിരാശരാകാതിരിക്കുക. സമചിത്തതയോടെ പ്രയാസങ്ങളെ നേരിടുകയാണ് വേണ്ടത്.

ലോകത്ത് എത്രയോ രാജ്യങ്ങളിൽ



എത്രയോ ദുരന്തങ്ങൾ അരങ്ങേറിയിട്ടുണ്ട്. അവയെ ധീരതയോടെ നേരിട്ട ചരിത്രമാണ് ലോകത്തിൻറേത്. കുട്ടികൾവരെ ധീരരായി നേരിട്ട !


ഹിരോഷിമയിൽ വീണ അണുബോംബ് തുപ്പിയ മാരക രശ്മികൾ ഏറ്റ് രക്താർബുദം പിടിപെട്ട് നരകയാതന അനുഭവിച്ച മരിച്ച സഡാക്കോ സസാക്കിയുടെ കഥ ഓർക്കുക.

വിയറ്റ്നാം ജനത എത്രയോ കാലം യുദ്ധക്കെടുതികൾനേരിട്ടു. കാശ്മീരിലെ ജനത എല്ലാവർഷവും വെള്ളപ്പൊക്കത്തെ നേരിടുന്നുണ്ട്. ലാത്തൂറിലെ ഭൂകമ്പമുണ്ടാക്കിയ ദുരന്തം മറക്കാനാകുമോ?

ഇൻഡോനേഷ്യൻ ജനത അഗ്നിപർവത സ്ഫോടനങ്ങളെ എല്ലാ വർഷവും നേരിട്ടാണ് ജീവിക്കുന്നത്. സമ്പന്നരാജ്യമായ അമേരിക്കയിൽപ്പോലും ചുഴലിക്കൊടുങ്കാറ്റും പ്രളയവും അനേകായിരങ്ങളെ ദുരന്തത്തിലാഴ്ത്തുന്ന വാർത്ത നാം കേട്ടില്ലേ?.

കേരളം 1924-ൽ ഒരു

മഹാപ്രളയത്തിൽ പെട്ടതാണ്.
ഇന്നത്തേക്കാൾ കൂടുതൽ മരണം
അന്നുണ്ടായി എന്നാണ് കരുതപ്പെടുന്നത്.
ആ
പ്രളക്കെടുതിയെ നേരിട്ട ജനതയെ
സഹായിക്കാൻ
മഹാത്മാഗാന്ധി തന്നെ അന്ന് ഒരു ലക്ഷം
രൂപ
പിരിച്ചെടുത്ത് നൽകി എന്നും ഓർക്കുക.
പ്രളയം പ്രകൃതിയുടെ ഒരു
സാധാരണ
പ്രതിഭാസമാണ്. അത്തരം ദുരന്തങ്ങൾ
ഇനിയും
ആവർത്തിച്ചേക്കാം. ദുരന്തത്തെ നേരിട്ട്
ജീവി
ക്കാനുള്ള ധീരതയും വൈദഗ്ധ്യവും നമ്മൾ
ആർജ്ജിക്കുകയാണ് വേണ്ടത്.
ദുരന്തമനുഭവിച്ചവർക്കും
ദുരന്തത്തിൽ നിന്ന് നമ്മെ
രക്ഷിക്കാനെത്തിയ
ധീരന്മാർക്കും നിങ്ങൾക്കുമെല്ലാം
എല്ലാമായി പ്രാർത്ഥിക്കുക.





# നമ്മൾ എന്തുചെയ്തു?

ശിവാനി മിത്ര 5D

പുഴയെ വിഷമാക്കിയ മനുഷ്യനെ

പുഴ കോരിയെടുത്ത് മുന്നോട്ടോടി
മലയുടെ കാലുകൾ വെട്ടിനിരത്തി
ഫ്ലാറ്റുകൾ, വീടുകൾ കെട്ടിപ്പൊക്കി.

വയലും മലയും കൊത്തി നിരത്തി
ഭൂഹൃദയം നാം തുന്നിക്കെട്ടി
പ്രകൃതി നമുക്കായരുളിയ പാഠം
നല്ലൊരു പാഠം പ്രളയപ്പാഠം



# കേരളപ്പിറവി

## ദേവിക.കെ

1956-നവംബർ 1-ന് ആണ് കേരളപ്പിറവി. ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപികൃതമായി 62 വർഷം തികയുന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനത്തിൽ വിഭജി ക്കപ്പെട്ടതിനെ ത്തുടർന്ന് കേരളം ഒരു സംസ്ഥാനം എന്ന നിലയിൽ പിറവി കൊണ്ടദിനം മലയാളിയ്ക്ക് അഭിമാനത്തിൻെറ ദിനം കൂടിയാണ്.

പരശുരാമൻ എറിഞ്ഞ മഴു അറബിക്കട ലിൽ വിണസ്ഥലം കേരളമായി മാറിയെന്നാണ് ഐതിഹ്യം. തെങ്ങുകൾ ധാരാളമായുള്ള നാടായതു കൊണ്ടാണ് കേരളം എന്ന് പേര് ലഭിച്ചതെന്നും, അതല്ല ചേര രാജാക്കന്മാരുടെ അധീനതയിലായി രുന്ന ചേരളം പിന്നിട് കേരളമായി മാറിയെന്നും പറയപ്പെടുന്നു.

വിവിധ രാജകുടുംബങ്ങൾക്ക് കീഴിലായിരുന്ന കേരള ജനത സ്വാതന്ത്ര്യം കിട്ടിയതിനുശേഷവും ഒരു സംസ്ഥാനം എന്ന നിലയിൽ ഏകീകരിയ്ക്കപ്പെട്ടത് പിന്നെയും വർഷങ്ങൾക്ക് ശേഷമാണ്. മലയാളം സംസാരിയ്ക്കുന്നവരെല്ലാം ഒരു സംസ്ഥാനത്തിൻെറ കുടക്കീഴിൽ വരുന്നത് 1956-നവംബർ 1 ന് ആണ്.

സ്വാതന്ത്ര്യം കിട്ടി 2-വർഷങ്ങൾക്ക് ശേഷം 1949-ൽ ആണ് തിരുവിതാംകൂർ -കൊച്ചി എന്നീ സംസ്ഥാനങ്ങൾ രൂപം കൊണ്ടതെങ്കിലും മലബാർ അപ്പോഴും മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു. പ്രാദേശിക അതിർത്തികൾ ഭേദിച്ച് മലയാളി കേരളം എന്ന സംസ്ഥാനത്തിനുകീഴിൽ വരുന്നത് 1956 - നവംബർ 1 ന് ആണ്.


ആ കാത്തിരിപ്പിൻെറ സഫലത ആഘോഷിക്കുകയാണ് മലയാളികൾ.

തിരുവിതാംകൂറും കൊച്ചിയും ഒരുമിച്ചാണ് തിരു-ക്കൊച്ചി സംസഥാനം ഉണ്ടായത്.എന്തായാലും ഇന്ത്യയുടെ തെക്കേ അറ്റത്ത് കിടക്കുന്ന പ്രദേശം 62 വർഷങ്ങൾക്കിപ്പുറം രാജ്യത്തിൻെറ അഭിമാനമായി മാറിയിരിയ്ക്കുന്നു.

വിദ്യഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ കേരളം ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. വിനോദസഞ്ചാര മേഖലയിൽ ബഹുദൂരം മുന്നേറിയിരിക്കുന്ന നമ്മുടെ ഈ കൊച്ചു കേരളം.

“ കേരളമെന്ന പേരു കേട്ടാൽ
അഭിമാനപൂരിതമാകണമന്തരംഗം
ഭാരതമെന്ന കേട്ടാലോ
തിളയ്ക്കണം ചോര നമ്മുക്കു ഞരമ്പുകളിൽ ”

ഈ സത്യം ഉൾക്കൊണ്ട് നമുക്ക് ഒരുമിച്ച് മുന്നോട്ട് നീങ്ങാം കേരളത്തിൻെറ സന്തോഷത്തിനായ്



# അപ്പൂസിൻെറ പപ്പി

## ഹിഷാം 8D

പതിവു പോലെ അപ്പൂസ് അമ്മയുടെ കൈപിടിച്ച് സ്കൂളിലേയ്ക്ക് പോവുകയായിരുന്നു. വഴിയരികിൽ നിൽക്കുന്ന ചെറിയ പട്ടിക്കുട്ടി. അവന് കൗതുകം തോന്നി.

സ്കൂൾവിട്ട് തിരിച്ചു പോവുമ്പോഴും അത് അവിടെ തന്നെ ഉണ്ട് . പക്ഷേ പട്ടിക്കുട്ടി രാവിലെ കണ്ടതിലും അവശനായിരുന്നു.അവൻ അതിനെ കൂടെ കൂട്ടി . അതിൻെറ നാക്ക് പുറത്തേക്ക് തള്ളി നിൽക്കുന്നതും. ഉമിനീർ ഒലിക്കുന്നതും അവൻ കണ്ടു. അവൻ വെള്ളമെടുത്ത് അതിനു നൽകി നിമിഷങ്ങൾക്കുള്ളിൽ അത് കണ്ണുകൾ അടച്ചു. കുറച്ചുകൂടി നേരത്തേ

# അതിനെ കണ്ടെത്തിയിരുന്നെങ്കിൽ........!

oooooooooooooooooooooooooooooooooooo



# മനുഷ്യനും പ്രകൃതിയും

## മാളവിക.എ.പി ( 8.E )

ജീവിക്കുക-മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുക-പ്രകൃതി എക്കാലത്തും എല്ലാവരോടും പുലർത്തുന്ന അടിസ്ഥാനധർമ്മം ഇതാണ്. മനുഷ്യർ ഒഴികെയുള്ള സകല ജീവജാലങ്ങളും ഈ തത്ത്വം അണുവിടാതെപാലിക്കുന്നുണ്ട്.വിശേഷബുദ്ധിയുണ്ടെന്ന് അവകാശപ്പെടുന്ന മനുഷ്യരുടെ ചെയ്തികൾ ഭൂമിയുടെ വിനാശത്തിനുതന്നെ വഴിവെച്ചേക്കാവുന്ന തരത്തിലേക്ക് എത്തിചേർന്നിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ടാണ് നമ്മുടെ നാടിന്റെ ഭൂപ്രകൃതി ഈ അവസ്ഥയിലെത്തിയത്. നിർഭാഗ്യകരമെന്നു പറയട്ടെ,നമ്മുടെ സ്വാർഥതയും വീണ്ടുവിചാരമില്ലാത്ത പ്രവർത്തികളുമാണ് ഇതിനുകാരണം.

ഭൂരിഭാഗം വനങ്ങളും വെട്ടിനശിപ്പിച്ചു കഴിഞ്ഞു. റോഡുപണിയ്ക്കും കരിങ്കല്ലുഖനനത്തിനും ഫ്ളാറ്റുനിർമ്മാണത്തിനും

മറ്റും വേണ്ടി കുന്നുകളും മലകളും വെട്ടിനിരത്തി. വയലുകൾ നികത്തി ഫ്ളാറ്റുകളും റോഡുകളും പണിതു.നിറഞ്ഞൊഴുകിയിരുന്ന നദികൾ പലതും വറ്റിവരണ്ടു.ശുദ്ധജലംപോലും കിട്ടാനില്ല.ശുദ്ധവായുവും ശുദ്ധജലവും നമ്മുടെ സ്വപ്നങ്ങളിൽ മാത്രമേയുള്ളൂ. കൊടും ചൂടും കോരിച്ചൊരിയുന്ന മഴയും കൊടുംകാറ്റും ഭൂകമ്പവും മാറാവ്യാധികളുമായി പ്രകൃതി നൽകുന്ന അപകടസൂചനകളൊന്നും മനുഷ്യരുടെ കണ്ണ് തുറപ്പിക്കുന്നില്ല. വരും തലമുറകൾക്കുവേണ്ടി നാം കരുതി വെക്കുന്നത് എന്താണ്? സർവവും നഷ്ടപ്പെടുത്തി നമ്മൾ വാരിക്കൂട്ടുന്ന സമ്പത്തോ ആധുനിക സൗകര്യങ്ങളോ പ്രയോജനപ്പെടാത്ത കാലത്തിലേക്കാണ് നമ്മുടെ യാത്ര. കാരണം ഭൂമിയിൽ ജീവന്റെ നിലനിൽപ്പുതന്നെ അസാധ്യമാവുന്നവിധത്തിൽ സുഖതൃഷ്ണയും സ്വാർഥതയുമാണ് ഇന്ന് ലോകത്തെ നയിക്കുന്നത്.

പ്രകൃതിയിലെ ഈശ്വരനായി കണക്കാക്കിയിരുന്ന മഹത്തായ സംസ്കാരത്തിന്റെ പിൻഗാമികളാണ് നമ്മൾ.പുരോഗതിയുടെയും വികസനത്തിന്റെയും മറപിടിച്ച് മരങ്ങളോടും പ്രകൃതിയോടും നമ്മൾ കാണിക്കുന്ന ക്രൂരത അങ്ങേയറ്റം ആത്മഹത്യാപരമാണ്. ഇനിയൊരു തലമുറയ്ക്ക്

ഇവിടെ ജീവിക്കാനാവാത്തവിധത്തിൽ നമ്മൾ പ്രകൃതിയെ തകർത്തു കഴിഞ്ഞു. ഈ രീതിയിൽ ഇനി ഒരടിപോലും മുന്നോട്ടുപോവാനാവില്ല. ഭരണാധികാരികളും സമൂഹവും ഒറ്റക്കെട്ടായി ദൃഢനിശ്ചയത്തോടെ പ്രകൃതിയെ വീണ്ടെടുക്കാനാണ് ശ്രമിക്കേണ്ടത്. ജനങ്ങളെ ബോധവൽക്കരിച്ചും നിയമങ്ങൾ കർക്കശമാക്കിയും പ്രകൃതിയുടെ നഷ്ടപ്പെട്ട  ചൈതന്യം വീണ്ടെടുക്കുവാൻ ഇനിയും മടികാണിക്കരുത്.






# GOD'S OWN COUNTRY...

## Gokul.k

*our kerala is one of the beautiful state in our county...kerala is known as 'GOD'S OWN COUNTY'..in kerala there are so many religions,cast and etc .people believes in diffrent lords. So there are somany diffrents*

*between each other.*

*When kerala affected flood the people of kerala became one.'MALAYALIES' became one,no religion.......no cast.....no diffrents between each one.. peoples helped each other.indian army force helped kerala from the flood so many people trapped in the flood in diffrent areas.fishermen which is known heavy of kerala helped the people who affected flood .*

***This flood teaches us "we can overcome any problem by coordinating each other"this is the second birth of kerala ....***



# എന്റെ നാട്

അർച്ചന.കെ,8B

പ്രകൃതീ, മനോഹരീ,

നിന്നെ ഞാൻ സ്നേഹിക്കുന്നു.

നിനക്കായ് ഭാവുകങ്ങൾ

നേരുന്നു സദാ നേരം.

പുലരും നേരമെന്നെ

പുഞ്ചിരിയോടെ നോക്കും

പ്രഭാതമേ നിനക്കായിരം വന്ദനങ്ങൾ..

മലയും മഞ്ഞും പൂവനവും

നിറഞ്ഞു നിൽക്കുമമ്മേ

നിയെന്നും മനോഹരി.

കാട്ടാറിൻ പാട്ടുകളും

കിളിതൻ നാദങ്ങളും

കേട്ടു കേട്ടമ്മേ നിന്നെ

സ്തുതിച്ചീടുന്ന ഞാനും..

നിന്നുടെ മടിത്തട്ടിൽ

കളിച്ചു വളരുവാൻ

എന്തു പുണ്യം ചെയ്തു ഞാൻ

മാതാവേ മഹാമായേ...





# Vaikom Muhammad Basheer-A Legend

Athira-9C

Vaikom Muhammad Basheer (19 January 1908 -5 July 1994) was a malayalam fiction writer from the state of kerala in india.He was

a humanist,Freedom Fighter ,novelist and short story writer . He was noted for his path-breaking ,disarmingly down to earth style
of writing that made him equally popular among literary critics as well as the common man . He was regarded as one of the most successful and out standing writers from india.


Translations of his works in to other languages have won him world wide acclaim . His notable works include Balyakalasakhi , shabdangal , Pathummayude Aadu , Mathilukal , Ntuppuppakkoran endarnnu, Janmadinam and Anargha Nimisham . He was awarded the padma shri in 1982 . He was Fondly remembered as the Beypore sulthan.

## Biography

### Early life

Basheer, born in Thalayolaparambu (near vaikom)
kottayam District , was the eldest child of his parents . His father was in the timber business .After biginning his education at the local malayalam medium school,he was sent to the english medium school, in vaikom, five
miles away . While at school he became a follower of

Mahathma Gandhi . He started wearing khaddar , inspired by the swadeshi ideals . When Gandhi came to vaikom to participate in the vaikom satyagraham(1924) Basheer went to see him. He managed to climb on to the car in which Gandhi travelled and touch his had, a fond memory Basheer later mentioned in many of his writings . He used to visit



Gandhi's satyagraha Ashram at vikom every day .

## WORKS

Almost all of Basheer's writing can be seen as falling under the heading of though there is also a one-act play and voulmes of essays and reminiscences . Basheer's fiction is very varied and full of contrasts . There are poignant situations as well as merrier ones- and commonly both in the same narrative. There are among his output realistic stories and tales of the super natural. There are purely narrative pieces and others which have the quality of poems in praise. In all a superficially simple style conceals a great subtlety of

expression .

His literary career started off with the novel premalekhanam, a humorous love story between keshavan nair-a young bank employee, an upper caste Hindu(Nair) -and saramma- an unemployed chrisian woman. Hidden underneath the hilarious disgues we can see a sharp criticism of religious  conservatiam , dowre and similar conventions existing in society .





This was followed by the novel Balyakalasakhi-a tragic love story between majeed and suhra-which his among the most important novels in malayalam literature in spite of ils relatively small size(75 pages) and his commonly agreed upon as his magnam oupus work .




In his foreword to Balyakalasakhi , jeevithathil Ninnum oru Aadu(a page from life) , m .p paul brings out the beauty of this novel ,and how it his different from run -of -the -mill -love stories .

The outobiographical janmadinam (Birthday 1945) is about a writer struggling to feed him self on his birthday . While many of the stories present situations to which the average reader can easly relate ,
the darker seamier side of




human existence also finds a major place , as in the novel

shabdangal (voices , 1947) which faced heavy criticism for violence and vulgarity.

Ntuppuppakkoranendarnnu (“my grandadad an elephant”, 1951)  is a fierce attak on the superstitious practices that existed among muslims . Its protoganist his kunjupathumma ,a naive , innocent and literate village belle . She falls in love with an educated , progressive ,city – bred man , Nisaar Ahmad , litteracy is fereile soil for superstitions , and the novel is about education enilghtening people and making them shed age – old conventions . Velichethinentoru velichem (a crude transtation can be brightness his very bright) one of them most quoted basheer phrases occurs in ntuppuppakkoranaendaarnnu . People boust of the glory of days past , there grand father's elephants” but that is just ploy to hide their shortcomings .


Mathilukal (walls) deals with prison life in the pre-independence days . It is a novel of sad irony set against a tarbulent political back drop




.

The novelist falls in love

with a woman sentenced for life who is separated from him by insurmountable walls .





They exchange love-promises standing on two sides of a wall, only to be seprated without even being able to say good-bye . Before the met narayani,the loneliness and restrictions of prison life was killing Basheer, but when the orders for his release arrive he loudly protests , who needs freedom ?out side is an even biggerjail . The novel was later made in to a film with same name by adoor Gopalakrishnan with Mammotty . Playing Basheer .



Sthalathe pradhana Divyan , Anavariyum ponkurishum , Mucheettukalikkarante Makal and Ettukali Mammoonju featured the life of real life characters in his native village of Thalayola parambu (regarded as sthalam in these works .





# OUR KERALA

Anurag.K

**our** kerala is one of the beautiful state in india.

In kerala there are so many religions, cast etc..........

People believes in different lords. So there are so many differents between each other. But most different from this is, when kerala affected flood the people of kerala become one. Malayalis become one, No religion....... No cast.......No difference between each one. Peoples helped each other.

Indian armed force helped kerala from

the flood.  So many people trapped in the flood in different areas. Fisherman which  is known ' navy of kerala' helped the people who affected flood in different areas .This flood teached the whole world  that ***"WE CAN  OVERCOME ANY PROBLAM BY COORDINATING EACH OTHER"....!***



# മനുഷ്യനും പ്രകൃതിയും

മാളവിക.


ജീവിക്കുക-മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുക-പ്രകൃതി എക്കാലത്തും എല്ലാവരോടു പുലർത്തുന്ന അടിസ്ഥാനധർമ്മം ഇതാണ്. മനുഷ്യർ ഒഴികെയുള്ള സകല ജീവജാലങ്ങളും ഈ തത്ത്വം അണുവിടാതെ പാലിക്കുന്നുണ്ട്. വിഷേശബുദ്ധിയുണ്ടെന്ന് അവകാശപ്പെടുന്ന മനുഷ്യരുടെ ചെയ്തികൾ ഭൂമിയുടെ വിനാശത്തിനുതന്നെ വഴിവെച്ചേക്കാവുന്ന തരത്തിലേക്ക് എത്തിചേർന്നിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ടാണ് നമ്മുടെ നാടിന്റെ ഭൂപ്രകൃതി ഈ അവസ്ഥയിലെത്തിയത്. നിർഭാഗ്യകരമെന്നു പറയട്ടെ,നമ്മുടെ സ്വാർഥതയും വീണ്ടുവിചാരമില്ലാത്ത പ്രവർത്തികളുമാണ് ഇതിനുകാരണം.

ഭൂരിഭാഗം വനങ്ങളും വെട്ടിനശിപ്പിച്ചു കഴിഞ്ഞു. റോഡുപമിക്കും കരിങ്കല്ലുഖനനത്തിനും ഫ്ളാറ്റുനിർമ്മാണത്തിനും മറ്റും വേണ്ടി കുന്നുകളും മലകളും വെട്ടിനിരത്തി. വയലുകൾ നികത്തി ഫ്ളാറ്റുകളും റോഡുകളും പണിതു.നിറഞ്ഞൊഴുകിയിരുന്ന നദികൾ പലതും വറ്റിവരണ്ടു.ശുദ്ധജലംപോലും കിട്ടാനില്ല.ശുദ്ധവായുവും ശുദ്ധജലവും നമ്മുടെ സ്വപ്നങ്ങളിൽ മാത്രമേയുള്ളൂ. കൊടും ചൂടും കോരിച്ചൊരിയുന്ന മഴയും കൊടുംങ്കാറ്റും ഭൂകമ്പവും മാറാവ്യാധികളുമായി പ്രകൃതി നൽകുന്ന അപകടസൂചനകളൊന്നും മനുഷ്യരുടെ കണ്ണ് തുറപ്പിക്കുന്നില്ല. വരും തലമുറകൾക്കുവേണ്ടി നാം കരുതി വെക്കുന്നത് എന്താണ്?സർവവും നഷ്ടപ്പെടുത്തി നമ്മൾ വാരി കൂട്ടുന്ന സമ്പത്തോ ആധുനിക സൗകര്യങ്ങളോ

**പ്രയോജനപ്പെടാത്ത കാലത്തിലേക്കാണ് നമ്മുടെ യാത്ര. കാരണം ഭൂമിയിൽ ജീവന്റെ നിലനിൽപ്പുതന്നെ അസാധ്യമാവുന്നവിധത്തിൽ സുഖതൃഷ്ണയും സ്വാർഥതയുമാണ് ഇന്ന് ലോകത്തെ നയിക്കുന്നത്.**

**പ്രകൃതിയിലെ ഈശ്വരനായി കണക്കാക്കിയിരുന്ന മഹത്തായ സംസ്കാരത്തിന്റെ പിൻഗാമികളാണ് നമ്മൾ.പുരോഗതിയുടെയും വികസനത്തിന്റെയും മറപിടിച്ച് മരങ്ങളോടും പ്രകൃതിയോടും നമ്മൾ കാണിക്കുന്ന ക്രൂരത അങ്ങേയറ്റം ആത്മഹത്യാപരമാണ്. ഇനിയൊരു തലമുറയ്ക്ക് ഇവിടെ ജീവിക്കാനാവാത്തവിധത്തിൽ നമ്മൾ പ്രകൃതിയെ തകർത്തു കഴിഞ്ഞു. ഈ രീതിയിൽ ഇനി ഒരടിപോലും മുന്നോട്ടുപോവാനാവില്ല. ഭരണാധികാരികളും സമൂഹവും ഒറ്റക്കെട്ടായി ദൃഢനിശ്ചയത്തോടെ പ്രകൃതിയെ വീണ്ടെടുക്കാനാണ് ശ്രമിക്കേണ്ടത്. ജനങ്ങളെ ബോധവൽക്കരിച്ചും നിയമങ്ങൾ കർക്കശമാക്കിയും പ്രകൃതിയുടെ നഷ്ടപ്പെട്ട**

**ചൈതന്യം വീണ്ടെടുക്കുവാൻ ഇനിയും മടികാണിക്കരുത്.**



# NEW TRENDS IN TOURISM

MINHA, CH

Tourism brings high projects to the government. It creates direct and indirect jobes . The improvements infrastructure and new leisure possibilities also benefit the local communities . It encourages the preservation of traditional customs , handy crafts and festivals that might have been forgotton . Exchanges between hosts guests – creat a better cultural under standing . It helps to promote conservation of wild life and natural resources such as rain forest .

Visiters may cause crouding , conjestion , drugs , and alkahol problems and crime . Interaction with tourist can lead to an erosion of traditional causes a threat to a region natural and cultural resource such as water supply , beeches, heritage sites . It also poses pollution through traffic emitions littering  seweag sound and etc.............. natives are poorely paid . The cost of establishing this basic facilities falls on the govenment . The big companies get the protities . So tourisam brings  merits and demerits .........



## "സ്നേഹമാണഖില സാരമൂഴിയിൽ"

----------ആശാൻ

# അമ്മയുടെ ഇന്നലെകൾ

## നജ കണ്ണിയൻ

അമ്മേ.....

ഇതെങ്ങനെ സഹിച്ചു....

നൂറ്റിത്തൊണ്ണൂറ് കൊല്ലങ്ങൾ....

കുന്തിയെപ്പോലേ.....

ഗാന്ധാരിയെപ്പോലെ....

ചരിത്രത്താളുകളിൽ...

അമ്മയുടെ ചരിത്രം...



അതാ....

മൂന്നു -നാലിഞ്ച് കനമുള്ള

പുസ്തകം...

അമ്മയുടെ മാറിൽ

മറിഞ്ഞു....തുറന്നു....മലർന്നുവീണ്ണു

എഴുപതു പിന്നിട്ട,

നരബാധിക്കാത്ത ,

അമ്മ ചരിത്രം തന്നെ

അമ്മ തന്റെ ഇന്നലകളെ

തൊട്ടരിഞ്ഞു....

താളുകൾ മറിക്കാൻ ,

കാറ്റും...

കണ്ണീരു വറ്റിക്കാൻ ,

സൂര്യനും , മത്സരിക്കുന്നു

ജാതിയും...മതവും...വർഗവും

വിശ്വങ്ങളും ,അന്ധവിശ്വസങ്ങളും ,

വെള്ളക്കാരനും കുപ്പായമിടാത്തവനും....

പ്ലാസിയും...ബക്സാറും...കുളച്ചലും,...

മാപ്പിളമാരും ,സാന്താൾമാരും...

മതവൈരത്തിന്റെ ബലിക്കല്ലിൽ..

മഹാത്മാ...

മകനേ...

നിസ്സഹായയായിരുന്ന ഞാൻ....

ക്ഷമിക്കുക നീ....

ഇന്ന് എന്നിൽ

ഒരുപാടുണ്ട്....

ശക്തയാണ് ഞാൻ....

സംരക്ഷകയാണ് ഞാൻ...


എന്റെ ഇന്നലെകൾ...

അസഹനീയം...

ആയിരത്തിത്തൊള്ളായിരിത്തി-

നാൽപ്പത്തേഴിനെ

നീ മറക്കാതിരിക്കുക..



# "കുഴിവെട്ടിമൂടുക ഗദ്ഗതങ്ങൾ കുതികൊൾക ശക്തിയിലേക്കുനമ്മൾ"

# ശബ്ദങ്ങൾ ഉയരുമ്പോൾ

## ഹുദ അബ്ദുള്ള 8B

സമൂഹത്തിലെ അടിസ്ഥാനവർഗങ്ങളുടെ ഉന്നമനത്തിനായി അവരുടെ ജീവിതത്തെ കലർപ്പില്ലാതെ പുസ്തകങ്ങളിലേക്ക് പകർത്തികാണിച്ചുതന്ന പ്രശസ്തനായ സാഹിത്യകാരനാണ് മലയാളസാഹിത്യത്തിന്റെ മോപ്പസാണ് " എന്നറിയപെടുന്ന തകഴി ശിവശങ്കരപ്പിള്ള തന്റെ ജന്മദേശമായ കുട്ടനാടിന്റെ യഥാർത്ഥ അവസ്ഥയെയാണ് തകഴി കാണിച്ചുതന്നത്. കൂലിപ്പണിക്കാരുടെയും കൃഷിപ്പണിക്കാരുടെയും തോട്ടിയുടെയും തുടങ്ങി സമൂഹത്തിലെ താഴ്ന്ന സ്ഥിതിയിൽ ജീവിച്ചിരുന്നവരുടെ കൂടെ ജീവിച്ച് അവരുടെ പ്രശ്നങ്ങളെയും അവരോട് നമ്മൾ കാണിക്കുന്ന അനീതിയെയും വിദ്വേഷത്തെയും തുറന്നുകാണിക്കുകയാണ് അദ്ദേഹം തന്റെ കൃതികളിലൂടെ ചെയ്യുന്നത്. കുട്ടനാടിലെ ഭൂരിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവർക്കുവേണ്ടി ജീവിതം മാറ്റിവെച്ച തകഴി "കുട്ടനാടിന്റെ സാഹിത്യകാരൻ" എന്നീ പേരുകളാൽ അറിയപ്പെടുന്നു .

ലളിതമായ ഭാഷയിലൂടെ വിശാലമായ ആശയത്തെ വായനക്കാരന്റെ ഹൃദയങ്ങളിലേക്ക് ആവാഹിക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ ഒരു
കൃതിയാണ് 'തോട്ടിയുടെ മകൻ ' . ആ കൃതിയിലെ ഒരു അധ്യായം എത്രത്തോളമാണ് നമ്മെ സ്വാധീനാക്കുന്നതെന്ന് വാക്കുകളാൽ വർണ്ണനാതീതമാണ് . തന്റെ സമൂഹത്തിന്റെ അവകാശങ്ങൾക്കും നീതിക്കുവേണ്ടി ജീവൻ മറന്നു പോരാടുന്ന ഒരു സമരനായകനെ നീതിക്കുവേണ്ടി നടത്തുന്ന സമരത്തിന്റെ തീക്ഷണതയെയും ലളിതമായ വാക്കുകലാൽ കഥാക്കരൻ ചിത്രീകരിക്കുകയാണ് .

സമൂഹത്തിലെ അടിസ്ഥാനവർഗമായ തോട്ടികളുടെ ജീവിതമാണ് കഥയുടെ പ്രമേയം തങ്ങളുടെ അവകാശങ്ങൾക്കും നീതിക്കും സമാധാനമായ ജീവിതത്തിനും പോരാടുന്ന തോട്ടികളുടെയും തോഴിലാളികളുടെയും സമരപശ്ചാത്തലത്തിലാണ് കഥ ആരംഭിക്കുന്നത് . അധികാരികളുടെയും ഉയലർന്ന ഉദ്യോഗകസ്ഥരുടെയും ചൂഷണത്തിന് വിധേയരായി കറുത്ത ജീവിതത്തെ ഭയത്താൽ നിറച്ച് തള്ളി നീക്കി പോകുന്ന ഈ അടിസ്ഥാന വർഗം തങ്ങളെ നിശ്ശബ്ദരാക്കിക്കൊണ്ടിരിക്കുന്നു , യന്ത്രസമാനമായി ഞങ്ങളെ കാണുന്ന ഭീകരന്മാരായ രാക്ഷസന്മാർക്കെതിരെ പട പൊരുതുകയാണ് . അർദ്ധനഗ്നരായ , അർദ്ധ പട്ടിണിക്കാരായ അവരുടെ അതിഭീമമായ സമരം അധികാരികളെ പിടിച്ചുലക്കുന്നു . നമ്മുടെ മുന്നിൽ ഓച്ഛാനിച്ചു നിന്നവരെ ഭയക്കേണ്ട അവസ്ഥയെ അതിജീവിക്കാനായി അവർ നിരത്തുകളിലൂടെ പട്ടാളങ്ങളെ ഇറക്കുകയും പൊതുപണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്യുന്നു . പൂർണ്ണമായി സ്തംഭിച്ച നഗരത്തെ കഥാകൃത്ത് കറുത്തിരുണ്ടു എന്നു വിശേഷിപ്പിക്കുന്നുണ്ട് അത്തരത്തിൽ ആയിരമായിരം വരുന്ന ജനസമൂഹം പലയിടത്തും സമാനമായരീതിയിൽ സമരം

നടത്തിയെങ്കിലും അക്രമാസക്തമെന്ന് പറഞ്ഞ് അധികാരി- കൾ അവർക്കുനേരെ വെടിയുതിർക്കുകയും അവരെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയുകയാണ് എന്നാൽ ഈ നീചമായ മുന്നറിയിപ്പ് അവരെ തളർത്തുന്നില്ല . ശക്തി ആർജ്ജിച്ചെടുത്ത് വീണ്ടും ഉയർത്ത് അവർ സമരമുദ്രാവാക്യങ്ങൾ ഉരുവിട്ട് കൊണ്ടേയിരുന്നു . ഒരാഴ്ച്ചയോളം സമരം സമാധാനപരമായി തുടർന്നുപോവുകയും വെടിവെയ്പ്പ് തുടർന്നുകൊണ്ടേയിരിക്കുകയും ചെയ്യുന്നു . ഇതിനിടയിലാണ് കഥാനായകനായ മോഹനൻ പ്രത്യക്ഷപ്പെട്ടത് അവകാശങ്ങൾക്കും ശരിയായ ജീവിതത്തിനും വേണ്ടി പോരാടുന്നു തന്റെ സമൂഹത്തെ ദ്രഢനിശ്ചയത്തോടെയും ഗാംഭീര്യത്തോടെയും നിർഭയത്തോടെയും മോഹനൻ മുന്നോട്ടുപോകുന്നു. ഇവിടെ സമരത്തിന്റെ തീക്ഷണതെയും അടിച്ചമർത്തലിനെതിരെയുള്ള അതിശക്തമായ തിരിച്ചടിയെയുമാണ് കഥാകൃത്ത് വ്യക്തമാക്കുന്നത്. ശക്തനായ ഒരു നായകനാൽ സമരം തുടർന്നുപോകുന്നു. നഗരത്തിന്റെ ഹൃദയഭാഗത്തുകൂടെയുള്ള ആ സമരത്തിന്റെ നായകനായി. തന്റെ വർഗത്തിന്റെ നവോത്ഥാനത്തിനായി അവൻ മാറുന്നു. "വിപ്ലവം ജയിക്കട്ടെ" എന്ന മുദ്രാവാക്യം അവിടെ ആവർത്തിക്കുമ്പോൾ നമ്മുടെ ഹ്രദയം പോലും ഒന്നു കിടുക്കുന്നു. കൊടുക്കുന്ന ഒരു സമൂഹത്തെയും സമരനായകനെയും ചൂണ്ടിക്കാണിക്കുമ്പോൾ ആരുടെയും കണ്ണുകൾ ഈറനണിഞ്ഞ് പോകുന്നു. ഇതിലൂടെ അടിസ്ഥാനവർഗത്തിന്റെ പ്രശ്നങ്ങളേയും അവരുടെ ധൈര്യത്തേയുമാണ് കഥാകൃത്ത് വ്യക്തമാക്കുന്നത്.

സമരത്തിന്റെ ശക്തിയെ സൂചിപ്പിക്കുന്നതിനായി കഥാകരൻ സവിശേഷമായ പ്രയോഗങ്ങളും അലങ്കാരങ്ങളും ലളിതമായ



ഭാഷയുമാണ് കഥയിൽ വരുത്തിയത്. ' ഭയം' എന്ന വാക്ക് ആവർത്തിച്ചുവരുന്നതുവഴി സമരം അധികാരികളെ എത്രത്തോളം പരിഭ്രമിപ്പിച്ചു എന്ന് മനസ്സിലാക്കാം. കൂടാതെ 'നിശബ്ദതയുടെ ഗർഭത്തിൽ ഒരു കൊടുങ്കാറ്റ് ചുരുണ്ടുകൂടി കിടപ്പുണ്ടായിരുന്നു' എന്ന പ്രയോഗത്തിലൂടെ അതിരൂക്ഷമായ

സമരത്തേയാണ് തകഴി വരച്ചുകാണിക്കുന്നത്. ഇത്തരത്തിൽ കഥയുടെ ആശയത്തെ ജനഹൃദയങ്ങളിലേക്ക് പ്രവേശിപ്പിക്കാനായി ആകർഷണീയത കൂടിയ വാക്കുകൾ കഥാകൃത്ത് സൃഷ്ടിക്കുന്നു. വായനക്കാരനെ ഇരുത്തി ചിന്തിപ്പിക്കാനും ഇത് കാരണമാകുന്നുണ്ട്. തകഴി വിചാരിച്ചത് പഴയകാലമായിരുന്നെങ്കിലും ഇന്നത്തെ സമൂഹമായും ഈ കഥ

ബന്ധപ്പെട്ടുനിൽക്കുന്നു. സമൂഹത്തിലെ ശക്തമായ ശബ്ദങ്ങളെ

അടിച്ചൊതുക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങൾ തന്നെ ഇതിനുദാഹരണം. ഇത്തരത്തിൽ പുതിയ കാലത്തുപോലും മനസ്സിനെ ഇരുത്തിചിന്തിപ്പിക്കുന്ന ധാരാളം അവസരങ്ങൾ ഈ കഥയിൽ പരാമർശിക്കുന്നു.

ലളിതമായ ഭാഷയിലുടെ വലിയ ഒരാശയം മനസ്സിൽ സുചിപ്പിക്കുന്ന ഈ കഥ എതൊരാളയും ചിന്തയുടെ വിശാലലോകത്തേക്ക് കടത്തിവിടുന്നു.അപ്പോൾ തകഴിയുടെ പാടവം നമ്മുടെ മുന്നിൽ അറിയാതെ തെളിഞ്ഞു വരുന്നു.



# അമ്മയോട്

- ജയപ്രകാശ് എം.പി    HSA



അമ്മയോട്.....?

എൻ രോദനമാണിത്.

കൗതുകമുള്ള കളിപ്പാട്ടങ്ങളിൽ,

മധുരമൂറും കളറുകൾ,

ഐസ്ക്രീമുകൾ...........

എന്തൊരു സ്വാദ്.....

പക്ഷേ.....?

ഇന്നെന്റെ ധമനികളെ

വരിഞ്ഞു മുറുക്കി.

വൃക്കയിലെ നീരുറവ വറ്റി

വറുതിയായ് ഊഷരമായ്

വാശിയും ദുശ്ശാഠ്യവുമുണ്ടാകും

കുട്ടികളല്ലെ.........?

അമ്മേ....വൽസലേ....

വിഷമാണെന്നറിഞ്ഞിട്ടും

വാങ്ങിതന്നതെന്തിന്

വാശിയാണെങ്കിലും

നിഷേധിക്കാമായിരുന്നില്ലേ....

അറിഞ്ഞുകൊണ്ട് ഞങ്ങളോട്

എന്തിനിതു ചെയ്തു...?

ബാക്കിപത്രം......

വിലക്കപ്പെടാത്ത ബാല്യം

ഇരുട്ടിലോ............?



**ഡിജിലൈറ്റിന്റെ പ്രസരണം**
**ഇവിടെ**
**അവസാനിക്കുന്നില്ല....**

**നന്ദി**
**ഒറ്റവാക്കിൽ......**
**എല്ലാവർക്കും!!**
**.................................**

Digi-Light Digital Magazine

